# GOVERNMENT OF KERALA

## Abstract

Inclusion of Shri Shaji P.Chaly in the existing panel of Senior Advocates for conducting the cases of the State of Kerala before the Hon'ble Supreme Court of India - Orders issued.

## LAW (INSPECTION-B) DEPARTMENT

G.O.(Ms)No.37/2025/LAW Dated,Thiruvananthapuram, 24-04-2025

Read:-
1. G.O. (P) No. 11/1978/Law dated 25/01/1978.
2. G.O.(Ms) No. 130/2011/Law dated 19/08/2011.
3. G.O.(Ms) No. 16/2013/Law dated 25/01/2013.
4. G.O.(Ms) No. 159/2016/Law dated 06/10/2016.
5. G.O.(Ms) No. 56/2018/Law dated 12/04/2018.
6. G.O.(Ms) No. 08/2020/Law dated 16/01/2020.
7. G.O.(Ms) No. 37/2020/Law dated 07/05/2020.
8. G.O.(Ms) No. 67/2021/Law dated 30/09/2021.
9. G.O.(Ms) No. 28/2023/Law dated 13/04/2023.
10. Letter No.SS GK-24/2021/AG dated 14/03/2025 & 28.03.2025 of the Advocate General.

## ORDER

The Advocate General vide letters read as 10$^{th}$ paper above, has requested to include the name of Shri Shaji P. Chaly, Senior Advocate of Supreme Court in the existing panel of Senior Advocates for conducting cases of the State of Kerala before the Hon'ble Supreme Court of India.

Government have examined the matter in detail and are pleased to include the name of Shri Shaji P. Chaly, Senior Advocate, Supreme Court of India, G 58, East of Kailash, New Delhi- 110 065 in the existing panel of Senior Advocates for conducting the cases of the State of Kerala before the Hon'ble Supreme Court of India.

The Advocate General is entrusted to fix the remuneration payable to

the Senior Advocate while engaging him, subject to the rules in this regard. The orders read as 2nd to 9th papers above stands modified to the above extent.

(By order of the Governor)
K G SANAL KUMAR
LAW SECRETARY

To:
1. The Advocate General, Kerala, Ernakulam.
2. Shri Shaji P. Chaly, Senior Advocate, Supreme Court of India, G 58, East of Kailash, New Delhi- 110 065 (through the Advocate General).
3. The Standing Counsels, Supreme Court (Through the Advocate General, Kerala, Ernakulam).
4. The Law Officer, Law Wing, Kerala House, New Delhi.
5. The Registrar General, High Court of Kerala, Ernakulam (With C/L).
6.The Accountant General (A&E), (Audit), Kerala, Thiruvananthapuram.
7. The GA (SC) Department (vide decision of Council of Ministers in Item No.2880 dated 23-04-2025).
8.The Director of Information and Public Relations, Thiruvananthapuram
9. The District Treasury Officer, Ernakulam
10. The P.A. to the Law Secretary.
11.The C.A to Additional Law Secretary, Law (Inspection) Department.
12. The Law (Nodal) Department.
13.The Law (Monitoring Cell) Department.
14. Stock File/Office Copy(INS-B1/28/2024-LAW).

Copy to :
1. The PS to Hon'ble Chief Minister.
2. The PS to Hon'ble Minister for Law, Industries, & Coir.

Forwarded /By order

Signed by Sajjad S
Date: 24-04-2025 17:21:56
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 23-04-2025**

ഫയൽ നം. 28/ഇൻസ്പെ.ബി1/2024/നിയമം. ഇനം നം: 2880

വിഷയം : നിയമ വകുപ്പ് - ബഹു. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ഷാജി പി ചാലി-യെ സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി കേസുകൾ നടത്തുന്നതിനുള്ള സീനിയർ അഭിഭാഷകരുടെ പാനലിൽ ഉൾപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

2880

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.28/ഇൻസ്പെ. ബി1/2024/നിയമം |
| 2 | വകുപ്പ് | : | നിയമ (ഇൻസ്പെക്ഷൻ-ബി) വകുപ്പ് |
| 3 | വിഷയം | : | ബഹു. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ഷാജി പി. ചാലി-യെ സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി കേസുകൾ നടത്തുന്നതിനുള്ള സീനിയർ അഭിഭാഷകരുടെ പാനലിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18/04/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബി. പ്രതാപചന്ദ്രൻ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽകുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/04/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/04/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22/04/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22/04/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ. ഷാജി പി. ചാലിയെ ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി കേസുകൾ നടത്തുന്നതിനുള്ള സീനിയർ അഭിഭാഷകരുടെ പാനലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സംസ്ഥാനത്തിനു വേണ്ടി സുപ്രീം കോടതിയിൽ ഹാജരാവുന്നതിനുള്ള സീനിയർ അഭിഭാഷകരുടെ പാനൽ തയ്യാറാക്കിയിട്ടുള്ളത് താഴെ പറയുന്ന ഉത്തരവുകൾ പ്രകാരമാണ്.

1. 19/08/2011 തീയതിയിലെ സ.ഉ.(കൈ)നം.130/11/നിയമം
2. 25/01/2013 തീയതിയിലെ സ.ഉ.(കൈ)നം.16/13/നിയമം
3. 06/10/2016 തീയതിയിലെ സ.ഉ.(കൈ)നം.159/16/നിയമം
4. 12/04/2018 തീയതിയിലെ സ.ഉ.(കൈ)നം.56/18/നിയമം
5. 16/01/2020 തീയതിയിലെ സ.ഉ.(കൈ)നം.08/20/നിയമം
6. 07/05/2020 തീയതിയിലെ സ.ഉ.(കൈ)നം.37/20/നിയമം
7. 30/09/2021 തീയതിയിലെ സ.ഉ.(കൈ)നം.67/21/നിയമം
8. 13/04/2023 തീയതിയിലെ സ.ഉ.(കൈ)നം.28/2023/നിയമം

പ്രസ്തുത പാനലിൽ സീനിയർ അഭിഭാഷകരെ ഉൾപ്പെടുത്തുന്നതും ഒഴിവാക്കുന്നതും മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

3. സർക്കാരിന് നിയമോപദേശം നൽകുന്ന അഡ്വക്കേറ്റുമാരുടെ ഫീസുമായി ബന്ധപ്പെട്ട് 18-11-2021-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനങ്ങൾ പ്രകാരം സർക്കാർ കേസുകളിൽ ഹാജരാകുന്ന അഭിഭാഷക പാനലിൽ മുതിർന്ന അഭിഭാഷകരെ കൂടുതലായി ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസലുമായി ആലോചിച്ച് ഉൾപ്പെടുത്താവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

4. ബഹു. സുപ്രീം കോടതിയിൽ സംസ്ഥാനത്തിനു വേണ്ടി കേസുകൾ നടത്തുന്നതിനുള്ള സീനിയർ അഭിഭാഷകരുടെ നിലവിലുള്ള പാനലിൽ സ്റ്റാന്റിംഗ് കൗൺസൽ നിർദ്ദേശിച്ച പ്രകാരം ശ്രീ. എസ്. മുരളീധർ, ശ്രീ. ഷാജി പി. ചാലി, ശ്രീ. പി.വി. ദിനേഷ് എന്നീ അഭിഭാഷകരെ കൂടി ഉൾപ്പെടുത്തണമെന്ന് അഡ്വക്കേറ്റ്

ജനറൽ 30.03.2024 തീയതിയിലെ SS GK-24/2021/എ.ജി നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

5. പ്രസ്തുത അഭിഭാഷകരെ ബഹു. സുപ്രീം കോടതിയിൽ സംസ്ഥാനത്തിനു വേണ്ടി കേസുകൾ നടത്തുന്നതിനുള്ള സീനിയർ അഭിഭാഷകരുടെ പാനലിൽ ഉൾപ്പെടുത്തുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പു മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, ബഹു. മുഖ്യമന്ത്രി ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവായിരുന്നു.

6. ശ്രീ. ഷാജി പി. ചാലി സുപ്രീം കോടതിയിൽ സീനിയർ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകനാണെന്നും സംസ്ഥാന സർക്കാർ അദ്ദേഹത്തെ വിവിധ കേസുകൾ ഏൽപ്പിച്ചിട്ടുണ്ടെന്നും എന്നാൽ നിലവിലുള്ള മുതിർന്ന അഭിഭാഷകരുടെ പാനലിൽ അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഭരണ വകുപ്പുകൾ ചില എതിർപ്പുകൾ ഉന്നയിച്ചിട്ടുണ്ടെന്നും അതിനാൽ, സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട കേസുകളിൽ അദ്ദേഹത്തെ ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിൽ സീനിയർ അഭിഭാഷകരുടെ പാനലിൽ അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുത്തണമെന്ന് 14/03/2025 തീയതിയിലെ SS GK-24/2021/AG നമ്പർ കത്ത് മുഖേന അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

7. തുടർന്ന്, അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശ പരിഗണിച്ച് കൊണ്ട്, അഡ്വ. ഷാജി പി. ചാലി (Shaji P. Chaly, Senior Advocate, Supreme Court of India, G 58, East of Kailash, New Delhi- 110 065)-യെ സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരാകുന്ന സീനിയർ അഭിഭാഷകരുടെ പാനലിൽ ഉൾപ്പെടുത്തുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതാണോ എന്നതിൽമേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**തീരുമാനിക്കേണ്ട സംഗതി**

അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശ പരിഗണിച്ച് കൊണ്ട്, ബഹു. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ അഡ്വ. ഷാജി പി. ചാലി (**Shaji P. Chaly, Senior Advocate, Supreme Court of India, G 58, East of Kailash, New Delhi- 110 065)**-യെ 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി കേസുകൾ നടത്തുന്നതിനുള്ള സീനിയർ അഭിഭാഷകരുടെ പാനലിൽ ഉൾപ്പെടുത്താവുന്നതാണോ?